# ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
## (ഹാജർ: അബുൽകലാം.എം)

വിഷയം:- തൊഴിൽവകുപ്പ് - സ്ഥാപനകാര്യം - ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിലെ ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികകളിലെ ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലുള്ള നിയമനം നിർത്തൽ ചെയ്തുകൊണ്ടുള്ള നടപടിക്രമം - സ്റ്റേ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

വായന:-
1. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 02/08/2019-ലെ Computer No. 1070435 File No. SPK-A2/5/2019-Fin നമ്പർ കത്ത്
2. ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 29/10/2019-ലെ ഇ(6)-16136/2018 നമ്പർ നടപടിക്രമം

---

**ഉത്തരവ് നമ്പർ ഇ(6) 16136/2018 തീയതി. 31/10/2019**

---

വായന(1)-ലെ സർക്കാർ കത്തിലെ നിർദ്ദേശം കണക്കിലെടുത്ത് വിവിധ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിൽ ജോലി ചെയ്യുന്ന തൊഴിൽ വകുപ്പിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം ഉടൻ പ്രാബല്യത്തിൽ റദ്ദ് ചെയ്തുകൊണ്ട് വായന(2) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

2. വർക്കിംഗ് അറെയ്ഞ്ച്മെന്റിൽ ജോലി നോക്കുന്ന ജീവനക്കാരെ എല്ലാവരെയും ഉടനടി വിവിധ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിൽ നിന്നും പൂർണ്ണമായി പിൻവലിക്കുന്നത് പ്രസ്തുത ട്രൈബ്യൂണലുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഒരു ആൾട്ടർനേറ്റ് അറേഞ്ച്മെന്റ് ഉണ്ടാക്കുന്നത് വരെ വായന(2)-ലെ ഉത്തരവ് നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തി വയ്ക്കേണ്ടതാണെന്നും കാണുന്നു.

3.മേൽപ്പറഞ്ഞ സാഹചര്യത്തിൽ വായന(2)-ലെ ഉത്തരവിലെ ജീവനക്കാരുടെ തൊഴിൽ വകുപ്പ് ഓഫീസുകളിലേയ്ക്കുള്ള റീ-പാട്രിയേഷൻ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ടവർക്ക് (വെബ്സൈറ്റ് മുഖാന്തിരം)

**പകർപ്പ്:-**

1) പ്രിസൈഡിംഗ് ഓഫീസർ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, കൊല്ലം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി (ആമുഖ കത്ത് സഹിതം)
2) ലേബർ കമ്മീഷണറുടെ പി.എ
3) അഡീഷണൽ ലേബർ കമ്മീഷണർ(ഇ, ഐ.ആർ, ഡബ്ല്യു)
4) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6) ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയം
7) ജില്ലാ ലേബർ ഓഫീസർ, കൊല്ലം, തൃശ്ശൂർ, പാലക്കാട്
8) ജൂനിയർ സൂപ്രണ്ട്(ഇ)
9) ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സീനിയർസൂപ്രണ്ട്(ഇ)

എസ്.എൻ